(ബി) മേത്തല—അഴീക്കോട് പബ്ലിക്ക് റോഡിൽ ഒരു പാലം ഇല്ലാത്തതു മൂലം ഗതാഗതത്തിനുള്ള വിഷമതകൾ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ഉവ്വ്.

(ബി) ഉവ്വ്.

Mr. K. T. Achyuthan *(Ezhuvas-Mukundapuram):* May I know at what stage the investigation is now?

Mr. V. K. Aravindaksha Menon *(Chief Engineer):* We have prepared a preliminary estimate for the work; but the question whether the traffic will justify the construction of a very costly bridge across Pullut—Cranganur is under consideration.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* What will be the approximate cost?

Mr. V. K. Aravindaksha Menon *(Chief Engineer):* About four lakhs of rupees.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: മേത്തല അഴീക്കോട് പാലം പൊളിഞ്ഞുകിടന്നിട്ട് എത്ര കാലമായി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: രണ്ടു മൂന്നു കൊല്ലമായി. ഇനിയത്തെ കൊല്ലം അതു് നേരെയാക്കാൻ ഉത്സാഹിക്കാം.

JAGGERY—IMPORT OF—PARTICULARS REGARDING QUOTA, ETC.

൧൨൩. മിസ്റ്റർ പി. കെ. ഡീവർ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവു ചെയ്തു മറുപടി പറയുമോ.—

(എ) മദ്രാസ്സ് സംസ്ഥാനത്തുനിന്നു കൊച്ചിയിലേക്കു ഇറക്കുമതി ചെയ്യുന്നതിനു ലഭിച്ചിരിക്കുന്ന ശർക്കരയുടെ കോട്ട എത്രയാണു്;

(ബി) ഇതു ഗവർമ്മെണ്ടിൽനിന്നു നേരിട്ടു വാങ്ങി ഇവിടെ കൊണ്ടുവരികയാണോ;

(സി) ഈ ശർക്കര ഇവിടെ ഗവർമ്മെണ്ടു് നേരിട്ടു റേഷൻ ഷാപ്പുകളും ഫെയർ പ്രൈസ്സ് ഷാപ്പുകളും വഴിയാണോ വില്പന നടത്തുന്നതു്;

(ഡി) അല്ലെങ്കിൽ അതു മുഖാന്തിരമാണു്? അതിനുള്ള കാരണമെന്താണു്;

(ഇ) മദ്രാസ്സ് സംസ്ഥാനത്തുനിന്നല്ലാതെ വേറെ വല്ല സംസ്ഥാനത്തുനിന്നോ നാട്ടുരാജ്യങ്ങളിൽനിന്നോ ശർക്കര ഇവിടെ ലഭിക്കുന്നുണ്ടോ?

റാവു സാഹിബ് എം. എം. പോൾ:

(എ) ൪,൦൦൦ ടൺ (ഇക്കൊല്ലത്തേക്കു്).

(ബി) അതെ.

(സി) & (ഡി) ഏർപ്പാടു മുഴുവൻ ഭാഗവും റേഷൻ ഷാപ്പുകളും ഫെയർ പ്രൈസ്സ് ഷാപ്പുകളും വഴിയാണു് വില്പന നടത്തുന്നതു്. സ്റ്റോക്കു അധികമുള്ളപ്പോൾ മേൽപറഞ്ഞ ഷാപ്പുകൾക്കു പുറമെ വിശ്വസ്തന്മാരായ കച്ചവടക്കാർ മുഖാന്തിരവും വില്പന നടത്താവുന്നതാണു്.

(ഇ) ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: ഈ വിശ്വസ്തന്മാരായ കച്ചവടക്കാർ ആരാണു്?

റാവുസാഹിബ് എം. എം. പോൾ: നോട്ടീസ്സുവേണം.

മിസ്റ്റർ പി. കെ. ഡീവർ: എല്ലായ്പ്പോഴും ഇതു് റേഷൻ ഷാപ്പിൽ കൊടുക്കുന്നതൊടൊപ്പംതന്നെ പുറമെയുള്ള വിശ്വസ്തന്മാരായ കച്ചവടക്കാർക്കും വില്പനക്കു കൊടുക്കാറില്ലെ?

റാവുസാഹിബ് എം. എം. പോൾ: സ്റ്റോക്കു ധാരാളമുള്ളപ്പോൾ അവർക്കും കൊടുക്കാറുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ശർക്കര വില്പനക്കു കച്ചവടക്കാരെ എല്ലിക്കാത്ത വല്ല സ്ഥലവുമുണ്ടോ?

റാവുസാഹിബ് എം. എം. പോൾ: ഉവ്വ്.

Mr. L. M. Pylee *(Latin-Christians-Ernakulam):* With regard to sub-division (e) may I know whether there has been any offer from any other Indian State for importation of this material?

Rao Sahib M. M. Paul *(Director of Food Supplies):* There was an offer from Mysore and we asked them to send sample and quotation. We have not yet got it.

LIBRARY ARCHIVES Kerala Legislative Assembly

Mr. L. M. Pylee *(Latin-Christians-Ernakulam)*: May I know whether there was any offer from the Travancore Merchants?

Rao Sahib M. M. Paul *(Director of Food Supplies)*: No offer from Travancore.

Mr. L. M. Pylee *(Latin-Christians-Ernakulam)*: During the last 2 or 3 years has there been any offer not from the Travancore Government but from merchants?

Rao Sahib M. M. Paul *(Director of Food Supplies)*: Merchants cannot import without permission from the Government.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ കൊണ്ടുവന്ന ശക്കര ജനങ്ങൾക്കു പൊതുവെ അതൃപ്തികരമായിട്ടുള്ളതാണെന്നു ഗവൺമെന്റിനറിവുണ്ടോ ?

Rao Sahib M. M. Paul *(Director of Food Supplies)*: At one time we were getting bad quality but this time the quality is invariably good.

മിസ്റ്റർ പി. ശങ്കരമേനോൻ: അതിന്റെ കാരണമെന്താണെന്നു ഗവൺമെന്റു് അന്വേഷിച്ചിട്ടുണ്ടോ ?

Rao Sahib M. M. Paul *(Director of Food Supplies)*: Then it was not possible to get a better variety of jaggery from the Madras Province.

Mr. L. M. Pylee *(Latin-Christians-Ernakulam)*: Has their been any negotiation between the Travancore State and this State for the import of jaggery?

Rao Sahib M. M. Paul *(Director of Food Supplies)*: Yes. The whole matter has been dealt with in the Administration report for 1119.

മിസ്റ്റർ ജോസ്സു് കെ. വട്ടീസ്സു്: ശക്കര ഗവൺമെന്റു് നേരിട്ടു് വാങ്ങിക്കൊണ്ടുവരികയാണോ ചെയ്തിട്ടുള്ളതെന്നു പറഞ്ഞു. വേറെ വല്ലവരും വാങ്ങിച്ചിട്ടുണ്ടോ ?

റാവുസാഹിബ്ബു് എം. എം. പോൾ: ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദു അഷ്റഫു്: ആരാണു് അവിടെപോയി ശക്കര വാങ്ങുന്നതു് ?

റാവുസാഹിബ്ബു് എം. എം. പോൾ: ശിവരാമകൃഷ്ണയ്യർ എന്ന ഒരാളാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സ്റ്റോക്കു അധികമുള്ളപ്പോൾ വിശ്വസ്തന്മാരായ കച്ചവടക്കാർമുഖാന്തിരം വില്പന നടത്താവുണ്ടെന്നു പറഞ്ഞു. അവരുടെ പേരെന്താണു് ?

റാവുസാഹിബ്ബു് എം. എം. പോൾ: നോട്ടീസ്സുവേണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മുകു് കച്ചവടം ചെയ്യുന്നതിനു് എല്പിച്ചിട്ടുള്ളവരിൽ ആരെയെങ്കിലും ശക്കര വില്പന ഏല്പിച്ചിട്ടുണ്ടോ ?

റാവുസാഹിബ്ബു് എം. എം. പോൾ: നോട്ടീസ്സുവേണം.

മിസ്റ്റർ പി. ശങ്കരമേനോൻ: ഉപ്പുണിത്തുറ ബീം പ്രോഡക്ട്സു് കമ്പനിക്കാക്കു് കൊടുത്തിട്ടുണ്ടോ ?

റാവുസാഹിബ്ബു് എം. എം. പോൾ: കൊടുത്തിട്ടുണ്ടു്.

Mr. P. A. Muhamad Ashrof *(Cranganur)*: May I know from where Mr. Sivarama Krishna Ayyar gets the supply?

Rao Sahib M. M. Paul *(Director of Food Supplies)*: He purchases it from the Madras Province. The Madras Government gives us permit to purchase it from the persons who are authorised to sell. The price also is fixed.

മിസ്റ്റർ ജോസ്സു കെ. വട്ടീസ്സു്: ഈ ശക്കരയും വെല്ലവും രണ്ടായിട്ടാണോ തിരിച്ചിരിക്കുന്നതു് ?

Rao Sahib M. M. Paul *(Director of Food Supplies)*: All kinds of jaggery are classified under Gur, according to the Madras Orders.

മിസ്റ്റർ സി. ജെ. ചിറയത്തു: ശക്കര കച്ചവടത്തിനു എത്ര രൂപകൊക്കു ലൈസൻസു കൊടുത്തിട്ടുണ്ടു് ?

റാവുസാഹിബ്ബു് എം. എം. പോൾ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. ടി. അച്യുതൻ: കൊച്ചിരാജ്യത്തെ എല്ലാസ്ഥലത്തും ശക്കര വില്പാൻ ഏർപ്പാടു ചെയ്തിട്ടുണ്ടോ ?

റാവുസാഹിബ്ബു് എം. എം. പോൾ: ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ജെ. ചിറയത്ത്: കച്ചവടക്കാരുടെ പേർ ഓമ്മയില്ലേ?

റാവു സാഹിബ് എം. എം. പോൾ: നോട്ടീസ്സു വേണം.

മിസ്റ്റർ പി. കെ. ഡീവർ: എല്ലാ ഫെയർ പ്രൈസ്സ് ഷാപ്പിനും ശക്കര കൊടുത്തിട്ടുണ്ടോ?

റാവു സാഹിബ് എം. എം. പോൾ: ഉവ്വ്.

മിസ്റ്റർ പി. കെ. ഡീവർ: ഫെയർ പ്രൈസ്സ് ഷാപ്പുകളും മുഖേന ശക്കരകച്ചവടം ചെയ്യാൽ അതു ചിലവാകാതെ വരുമെന്നുള്ളതുകൊണ്ടാണോ മറ്റു കച്ചവടക്കാക്കും കൊടുത്തിട്ടുള്ളതു്?

Rao Sahib M: M. Paul *(Director of Food Supplies):* In the case of private purchases also if we have sufficient stock we give them.

മിസ്റ്റർ പി. കെ ഡീവർ: ഫെയർ പ്രൈസ്സ് ഷാപ്പുകളും ഗവർമ്മെണ്ടു് കൺട്രോൾ ഷാപ്പുകളും മുഖേന മാത്രം ഇതു് വിതരണം ചെയ്യുന്നതായാൽ നാട്ടിലെ എല്ലാ ജനങ്ങൾക്കും അതു വാങ്ങുന്നതിനു കുറെക്കൂടി സൌകര്യം കിട്ടുകയില്ലേ?

Rao Sahib M. M. Paul *(Director of Food Supplies):* Some times, in some places, it will be more convenient if other merchants stock it in addition to those who are selling it.

മിസ്റ്റർ പി. എം. മായൻകുട്ടി: ശക്കര ആവശ്യത്തിലധികം സ്റ്റോക്കുചെയ്ത അധികനാൾ വെച്ചിരുന്നാൽ അതു വെള്ളമായിട്ടുപോകുമോ?

റാവു സാഹിബ് എം. എ. പോൾ: ആവശ്യത്തിലധികം സ്റ്റോക്കു ചെയ്യാറില്ല. അധികനാൾ വെച്ചിരുന്നാൽ വെള്ളമായി പോയേക്കും.

മിസ്റ്റർ എ. ഈച്ചരമേനോൻ: വെല്ലവും ശക്കരയും തമ്മിൽ എന്താണു് വ്യത്യാസം?

Rao Sahib M. M: Paul *(Director of Food Supplies):* One is hard and the other may not be so hard.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഇരിങ്ങാലക്കുടയിൽ ഫ്രീ ഫ്രൻ-ൽ ശക്കര അധികനാൾ സ്റ്റോക്കുചെയ്തു വെച്ചിട്ടു വെള്ളമായി പോയിട്ടുണ്ടോ?

Rao Sahib M. M. Paul *(Director of Food Supplies):* I want notice. In 1119 Gur was brought from the United Provinces; in that supply some was of superior quality but liable to melt easily in our humid climate.

മിസ്റ്റർ എം. കെ. തോമക്കുട്ടി: ഈ ശക്കര വെറുതെയിരുന്നു അലിഞ്ഞുപോയ അവസരത്തിൽ വല്ല സ്ഥലത്തും ശക്കരകിട്ടാതെ ജനങ്ങൾ ബുദ്ധിമുട്ടുകയുണ്ടായിട്ടുണ്ടോ?

റാവു സാഹിബ് എം. എം. പോൾ: നോട്ടീസ്സു വേണം.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അലിഞ്ഞുപോയിട്ടുണ്ടോ എന്നു് അന്വേഷിക്കാമോ?

Rao Sahib M. M. Paul *(Director of Food Supplies):* Some Gur has melted because of the particular variety of Gur that we got.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ആ അലിഞ്ഞുപോയ ശക്കര ചിലവാക്കുവാൻ ഗവർമ്മെണ്ടു് ഉടനെ പരിശ്രമിച്ചുവോ?

Rao Sahib M. M. Paul *(Director of Food Supplies):* I want notice.

മിസ്റ്റർ സി. ജെ. ചിറയത്ത്: ശക്കര ആവശ്യത്തിലധികം ഇപ്പോൾ എത്രയുണ്ടെന്നു പറയാമോ?

Rao Sahib M. M. Paul *(Director of Food Supplies):* It is not possible.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ആരും വാങ്ങുവാനില്ലാത്തമാതിരിയുള്ള ശക്കര ഇപ്പോൾ എത്രത്തോളം സ്റ്റോക്കിലുണ്ടെന്നു പറയാമോ?

Rao Sahib M. M. Paul *(Director of Food Supplies):* Of course, I cannot. Some portion was of inferior quality.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അങ്ങിനെയുള്ള ശക്കര കച്ചവടക്കാർ വാങ്ങിതിരുന്നിട്ടു അതു് വാങ്ങുന്നതിനു കച്ചവടക്കാരെ നിർബ്ബന്ധിച്ചിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ്ബ് എം. എം. പോൾ : ഇല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഫെയർ പ്രൈസ്സു ഷാപ്പിലേക്കു കൊടുത്ത ശക്കര വില്ലനക്കു പറ്റാത്തതായതുകൊണ്ടു് അതു മടക്കിയെടുക്കണമെന്നു് ഗവർമ്മെണ്ടിനോടു അപേക്ഷിച്ചിട്ടില്ലേ?

റാവു സാഹിബ്ബ് എം. എം. പോൾ: നോട്ടീസ്സു വേണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ശക്കരയെന്നു പറഞ്ഞാൽ അതു് അങ്ങിനെതന്നെ ജനങ്ങൾ വിഴുങ്ങിക്കൊള്ളാമെന്നു വിചാരിച്ചിട്ടാണൊ വില്ലനക്കു കൊള്ളാത്ത ശക്കര ഗവർമ്മെണ്ടു് പീടികക്കാക്കൊടുത്തതു ?

Rao Sahib M. M. Paul *(Director of Food Supplies)*: The question may once again be put.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഈ ശക്കര ഫുഡ് സപ്ലൈസ്സു് ഡയറക്ടർ വല്ല പ്പോഴും ഉപയോഗിച്ചു നോക്കീട്ടുണ്ടോ ?

റാവുസാഹിബ്ബ് എം. എം. പോൾ: ഉവ്വ്.

മിസ്റ്റർ ജി. എസ്സ്. ധാരസിംഗ്: അതിൽ ധാരാളം കല്ലുള്ളതായിട്ടു അറിയാമോ ?

റാവുസാഹിബ്ബ് എം. എം. പോൾ: ഇല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: വളരെക്കാലം കഴിഞ്ഞിട്ടും വില്ക്കുവാൻ സാധിക്കാത്ത ശക്കരയും ഫെയർ പ്രൈസ്സ് ഷാപ്പിലുള്ളതായിട്ടു ഗവർമ്മെണ്ടിന്നറിയാമോ ?

Rao Sahib M. M. Paul *(Director of Food Supplies)*: There will be difficulty because they may be getting from other sources also and we cannot be sure that it is exactly the variety that we gave.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അങ്ങിനെയുണ്ടെന്നു തെളിഞ്ഞാൽ അതു മടക്കിയെടുക്കുവാൻ ഗവർമ്മെണ്ടു് ഒരുക്കമുണ്ടോ ?

Rao Sahib M. M. Paul *(Director of Food Supplies)*: We shall consider the matter.

Mr. P. A. Mohamed Ashroff *(Cranganur)*: May I know the other sources from which the dealers are getting jaggery ?

Rao Sahib M. M. Paul *(Director of Food Supplies)*: From black-market. From Travancore, export is prohibited, and they might try to get it from the black-market.

Mr. P. A. Mohamed Ashroff *(Cranganur)*: You are aware of that and are you taking steps to stop it ?

Rao Sahib M. M. Paul *(Director of Food Supplies)*: We are trying our best.

മിസ്റ്റർ പി. കെ. ഡീവർ: വിശ്വസ്തന്മാരായ കച്ചവടക്കാരെ ഏല്പിച്ചതുമൂലം ഫെയർ പ്രൈസ്സ് ഷോപ്പ്സിനു് ശക്കര കൊടുക്കുവാൻ ഇല്ലാതെ വന്നിട്ടുണ്ടോ?

റാവു സാഹിബ്ബ് എം. എം. പോൾ: ഇല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: നെന്മാറയിൽ പതിനഞ്ചിരുപതു ദിവസം ശക്കര കിട്ടാതിരുന്ന എന്നു ആക്ഷേപമുണ്ടായിട്ടുണ്ടോ?

റാവു സാഹിബ്ബ് എം. എം. പോൾ: ഉണ്ടു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: നെന്മാറയിൽനിന്നു ആക്ഷേപം വന്ന കാലത്താണു് ഇരിങ്ങാലക്കുടയിൽ ശക്കര ഇരുന്നു കേടുവന്നുപോയതെന്നു ഗവർമ്മെണ്ടിനറിയാമോ?

റാവു സാഹിബ്ബ് എം. എം. പോൾ: നോട്ടീസ്സു വേണം.

Mr. A. Eachara Menon *(Chittur-Tattamangalam)*: Why should the Government object to things coming into the State ?

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: നെന്മാറയിൽ ശക്കരയില്ലാതിരുന്ന കാലത്തു ഇരിഞ്ഞാലക്കുടയിൽ ധാരാളം ശക്കരയുണ്ടായിരുന്നില്ലേ?

Rao Sahib M. M. Paul *(Director of Food Supplies)*: Because the whole distribution is controlled by the Government and for the sake of equitable distribution it is necessary.

മിസ്റ്റർ പി എം. മായൻകുട്ടി : ഗവൺമ്മെണ്ടിന്റെ കയ്യിൽ ശക്കര ധാരാളം സ്റ്റോക്കിരിക്കെ അതു മറ്റുള്ള കച്ചവടക്കാക്കു വില്ക്കുവാൻ പാടില്ലെന്നു വല്ല കല്പനയുമുണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് എം. എം. പോൾ : നോട്ടീസ്സു വേണം.

OFFICERS IN THE FOOD SUPPLIES DEPARTMENT

ക ൨. മിസ്റ്റർ കെ. കെ. കണ്ണൻ :

താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഫുഡ് സപ്ലൈവകുപ്പിൽ ഇപ്പോൾ ആകെ എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ട് ;

(ബി) ഇവരിൽ കാസ്റ്റുവാർ അനുസരിച്ചു ഒരോ തോതിലുള്ള ശമ്പളം വാങ്ങിപോരുന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണം തസ്തികയുടെ പേരു മുതലായവ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ?

റാവു സാഹിബ്ബ് എം. എം. പോൾ :

(എ) ക,ഉ ൨ ൭.

(ബി) ഒരു സ്റ്റെയിറ്റുമെണ്ടു മേശപുറത്തു വെച്ചിരിക്കുന്നു.

മിസ്റ്റർ കെ കെ. കണ്ണൻ : ഫീൽഡാപ്പീസ്സർ പോസ്റ്റിനു് അധഃകൃതരിൽ നിന്നു് ആരെങ്കിലും അപ്പൈ ചെയ്യുകയുണ്ടായിട്ടുണ്ടോ ?

റാവുസാഹിബ്ബ് എം. എം. പോൾ : നോട്ടീസ്സു വേണം.

മിസ്റ്റർ കെ. കെ. കണ്ണൻ : ഇൻസ്പെക്ടർ പോസ്റ്റിനു് ആരെങ്കിലും അപ്പൈ ചെയ്തിട്ടുണ്ടോ ?

റാവുസാഹിബ്ബ് എം. എം. പോൾ : നോട്ടീസ്സു വേണം.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether for 1121 there is not a proposal to increase the staff by about 800 hands.

Rao Sahib M. M. Paul *(Director of Food Supplies):* I want notice.

Mr. P. Kumaran Ezhuthassan *(Vadakkancheri):* On page 163 of the budget, you will find an abnormal increase of hands. Has that been noted by the Government?

Rao Sahib M. M. Paul *(Director of Food Supplies):* I want notice, I do not remember.

Mr. P. Kumaran Ezhuthassan *(Vadakkancheri):* We have noted that.

SIRKAR L. S. SCHOOLS—RAISING TO HIGH SCHOOLS

128. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) how many Sirkar Lower Secondary Schools have been raised to High Schools in the Educational year 1119—1120 ; and 1120—1121 ;

(*b*) which are these schools?

Rao Sahib I. N. Menon *(Director of Public Instruction)*

(*a*) 1119—1120 One.
1120—1121 Two.

(*b*) 1. G. H. S. (then L. S. G. S., Cranganur)
2. G. H. S. (do. Nemmara)
3. H. S. (then L. S. S., Erumapetty)

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether there has been a request from the Vadakkancheri public to raise the Lower Secondary School to the standard of a High School?

Rao Sahib I. N. Menon *(Director of Public Instruction):* There was some time ago. Recently there has not been any request.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Will the Government be pleased to consider the question of raising the Lower Secondary School into a High School, in the absence of a special request?

Rao Sahib I. N. Menon *(Director of Public Instruction):* The question is a little complicated. In assessing the necessity for High School Education, the Government or the Department of Education is trying to arrive at a reasonable figure in the increase every year. In framing these proposals, this case will also be considered.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether any priority will be given by Government to this School?

LIBRARY ARCHIVES Kerala Legislative Assembly